# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER 06 | 2019 |
|---|---|



## ശബരിമല പത്രക്കുറിപ്പ്-1

ഫോൺ : 04735-202664

ww.sabarimal.kerala..gov.in, prdsabarimala2020@gmail.com

---

### പഴുതടച്ച സുരക്ഷയിൽ ശബരിമലയിൽ തീർത്ഥാടക പ്രവാഹം

പഴുതടച്ച് കനത്ത സുരക്ഷാ സന്നാഹം ഏർപ്പെടുത്തിയ ശബരിമലയിൽ വെള്ളിയാഴ്ച രാവിലെ മുതൽ തീർത്ഥാടക പ്രവാഹം.
വെള്ളിയാഴ്ച രാത്രി വരെ സന്നിധാനത്ത് കൂടുതൽ സുരക്ഷാക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും ക്ഷേത്രാചാരങ്ങൾക്ക് ബുദ്ധിമുട്ടില്ലാത്ത വിധമാണ് നിയന്ത്രണമെന്ന് സന്നിധാനം പോലീസ് സ്പെഷൽ ഓഫീസർ ഡോ. എ. ശ്രീനിവാസ് അറിയിച്ചു. നടപ്പന്തലിൽ തിങ്ങി നിറഞ്ഞ ഭക്തരെ പതിനെട്ടാം പടിയിലേക്ക് ഘട്ടംഘട്ടമായാണ് കടത്തിവിടുന്നത്. വിരിവെക്കുന്ന ഇടങ്ങളിലും നെയ്യഭിഷേകത്തിനും നല്ല തിരക്കുണ്ട്.
സുരക്ഷയുടെ ഭാഗമായി ഈ ദിവസത്തേക്ക് പതിനെട്ടാംപടി കയറി സോപാനത്ത് ഇടതുവശത്ത് നെയ്ത്തേങ്ങ ഉടയ്ക്കുന്നതിന് അനുവദിക്കുന്നില്ല. മാളികപ്പുറത്തേക്ക് പോകുന്ന വഴിയിൽ നെയ് ത്തോണിയിൽ നെയ്ത്തേങ്ങ ഉടയ്ക്കാം.
സുരക്ഷയുടെ ഭാഗമായി സന്നിധാനത്ത് മൊബൈൽഫോൺ ഉപയോഗത്തിന് കർശന നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. നടപ്പന്തൽ കഴിഞ്ഞ് പടി കയറുന്നതിന് മുമ്പായി മൊബൈൽ ഫോൺ സ്വിച്ച് ഓഫ് ചെയ്യാൻ പോലീസ് നിർദേശിക്കുന്നു. മാളികപ്പുറം ക്ഷേത്രദർശനം കഴിഞ്ഞതിന്

ശേഷമേ ഭക്തർ മൊബൈൽ ഫോൺ സ്വിച്ച് ഓൺ ചെയ്യാവൂ.
സന്നിധാനത്ത് ഹൈപോയിന്റ് ബൈനോക്കുലർ മോണിറ്ററിംഗ് ഉണ്ട്. ബ്ലാക്ക് കമാൻഡോകൾ സന്നിധാനത്തും പരിസരത്തും നിരന്തരം നിരീക്ഷണം നടത്തുന്നുണ്ട്.
വ്യാഴാഴ്ച രാത്രി നട അടച്ച ശേഷം സോപാനത്ത് ബോംബ് സ്ക്വാഡ് പരിശോധന നടത്തി. സന്നിധാനത്ത് വെള്ളം സംഭരിച്ച എല്ലാ സ്ഥലങ്ങളിലും പോലീസിനെ വിന്യസിച്ചിട്ടുണ്ട്. എല്ലായിടത്തും ഫയർഫോഴ്സിന്റെയും ബോംബ് സ്ക്വാഡിന്റെയും പ്രത്യേക പരിശോധന ഉണ്ട്.
ട്രാക്ടറുകൾ പമ്പക്ക് പുറമെ മരക്കൂട്ടത്തും പരിശോധിക്കുന്നു. കേരള പോലീസിന് പുറമെ എൻ.ഡി.ആർ.എഫ്, ആർ.എ.എഫ് കേന്ദ്ര സേനകളും ജാഗ്രതയിലാണ്.

(പി.ആർ. ശബരി–128)

## തീർഥാടകർക്ക് സഹായവുമായി തമിഴ്നാട് ഇൻഫർമേഷൻ സെൻറർ

ശബരിമല സന്നിധാനത്ത് എത്തുന്ന തമിഴ്നാട് സ്വദേശികളായ തീർഥാടകർക്ക് സഹായവുമായി നടപ്പന്തലിലെ തമിഴ്നാട് ഇൻഫർമേഷൻ സെൻറർ അഞ്ചാംവർഷത്തിൽ. സന്നിധാനം ശ്രീധർമ്മശാസ്ത ഓഡിറ്റോറിയത്തിന് സമീപത്തെ ഐ.പി.ആർ.ഡി മീഡിയ സെൻററിനോട് ചേർന്നാണ് തമിഴ്നാട് ഇൻഫർമേഷൻ സെൻറർ പ്രവർത്തിക്കുന്നത്. തമിഴ് നാട് സർക്കാറിന്റെ ഹിന്ദു റിലീജ്യസ് ആൻഡ് ചാരിറ്റബിൾ എൻഡോവ് മെൻറ് വകുപ്പിന് കീഴിലെ കന്യാകുമാരി ഡിസ്ട്രിക്ട് ടെമ്പിൾസ് ആണ് ഇൻഫർമേഷൻ സെൻറർ പ്രവർത്തിപ്പിക്കുന്നത്. സന്നിധാനത്തിന് പുറമെ തേനി, മധുര, കുമളി, കളിയിക്കാവിള, തെങ്കാശി എന്നിവിടങ്ങളിലും ശബരിമല മണ്ഡല–മകരവിളക്ക് തീർഥാടന കാലത്ത് മകരവിളക്ക് വരെ ഇൻഫർമേഷൻ സെൻറർ പ്രവർത്തിക്കുന്നു. രണ്ട് വീതം ജീവനക്കാർ ഇവിടങ്ങളിലെ ഓരോ ഓഫീസിലും സേവനനിരതരാണ്.
സന്നിധാനത്ത് ദർശനത്തിനും അഭിഷേകത്തിനും സഹായം, ടി.എൻ.ടി.സി, കെ.എസ്.ആർ.ടി.സി ബസ് സമയം, ട്രെയിൻ സമയം എന്നിവ സംബന്ധിച്ച വിവരം നൽകൽ, വി.ഐ.പി സന്ദർശനവുമായി ബന്ധപ്പെട്ട ക്രമീകരണങ്ങൾ എന്നിവയാണ് ഇൻഫർമേഷൻ സെൻററിന്റെ പ്രവർത്തനം. കന്യാകുമാരി ഡിസ്ട്രിക്ട് ടെമ്പിൾസ് ജീവനക്കാരായ എസ്. സതീഷ് കുമാർ, എസ്. സന്ദീപ് കുമാർ എന്നിവരാണ് ഈ വർഷം ഇൻഫർമേഷൻ സെൻററിലുള്ളത്.
ഫോൺ: +917358839969, +918531070571.

(പി.ആർ. ശബരി–129)

# വഴിപാട്: അരി നിക്ഷേപിക്കാൻ 12 ശേഖരണകേന്ദ്രങ്ങൾ

ശബരിമല തീർത്ഥാടകർ ഇരുമുടിക്കെട്ടിൽ സ്വാമി അയ്യപ്പന് പ്രധാന വഴിപാടായി കൊണ്ടുവരുന്ന അരി ശേഖരിക്കാൻ സന്നിധാനത്തും മാളിക പുറത്തുമായി 12 കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. സന്നിധാനത്തും മാളികപുറത്തും ഫ്ളൈ ഓവറിന് ഇരുവശത്തും നാല് അരിശേഖരണ കേന്ദ്രങ്ങളുണ്ട്. മഹാ കാണിക്ക, വലിയ നടപന്തൽ ധനലക്ഷമി ബാങ്കിന് സമീപം, അയ്യപ്പസേവാസംഘം അന്നദാന കേന്ദ്രം മാളികപ്പുറത്തിന് സമീപം മാഗുണ്ട നിലയം, 108 പടികൾ എന്നിങ്ങനെ അയ്യപ്പന്മാർ വിരിവെക്കുന്ന ഇടങ്ങളിൽ തന്നെ വഴിപാട് അരി ശേഖരിക്കുന്നതിനുള്ള കേന്ദ്രങ്ങളുണ്ട്. ഉണക്കലരിയും പച്ചരിയും പ്രത്യേകമാണ് ശേഖരിക്കുന്നത്. ദേവസ്വം ബോർഡ് ജീവനക്കാരും ദിവസ വേതനക്കാരും വഴിപാട് അരി ചാക്കുകളിൽ ശേഖരിച്ച് ട്രാക്ടറിൽ സ്റ്റോർ റൂമിൽ എത്തിച്ച് കഴുകി വൃത്തിയാക്കുന്നു. വെള്ളയരി വെള്ള നിവേദ്യത്തിനും ഉണക്കലരി അരവണയിലും ഉപയോഗിക്കും. അധികം വരുന്ന അരി ലേലം ചെയ്ത് വിൽക്കുകയാണ് പതിവ്. അയ്യപ്പഭക്തർ വഴിപാട് അരി നിർദ്ദിഷ്ട ശേഖരണ കേന്ദ്രങ്ങളിൽ തന്നെ നിക്ഷേപിക്കണമെന്ന് ദേവസ്വം ബോർഡ് അധികൃതർ അറിയിച്ചു.

(പി.ആർ. ശബരി–130)


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER 06 | 2019 |
|---|---|



## ശബരിമല പത്രക്കുറിപ്പ്–2

ഫോൺ : 04735–202664

*ww.sabarimal.kerala..gov.in, prdsabarimala2020@gmail.com*

---

### ശബരിമല ഉൾവനത്തിൽ കമാൻഡോകളുടെ പരിശോധന

ദേശീയ സുരക്ഷ ഗാർഡിന്റെ പ്രത്യേക പരിശീലനം നേടിയ കേരളാപോലീന്റെ കമാൻഡോകൾ ശബരിമല സന്നിധാനത്തും പെരിയാർ കടുവ സങ്കേതത്തിന്റെ പാർശ്വവനാന്തരങ്ങളിലും സുരക്ഷാ പരിശോധന നടത്തി. കമാൻഡോ ഇൻസ്പെക്ടർ വി ജി അജിത് കുമാറിന്റെ നേതൃത്വത്തിൽ 32 സംഘമാണ് പരിശോധന നടത്തുന്നത്. വാവർനടയിൽ കൊപ്രാക്കളത്തിനു താഴെ പാർശ്വവനങ്ങളിലും റെയ്ഡ് നടത്തിയ കമാൻഡോ തുടർന്ന് ഹോമിയോ ആശുപത്രി അരവണ പ്ലാന്റ് ഗോശാല – ധനലക്ഷമി ബാങ്ക് പരിസരം വഴി വാവര് നടയിലെത്തി. മറ്റൊരു ടീം വാവർ നടയിൽ നിന്ന് 108 പടി കയറി ഉരൽക്കുഴി വനത്തിൽ പരിശോധന നടത്തി പോലീസ് മെസ് വഴി മാലിന്യ സംസ്ക്കരണ പ്ലാന്റിന് സമീപം വഴി ഭസ്മക്കളം ഗ്യാസ് ഗോഡൗൺ വഴി ബെയിലി പാലത്തിൽ പ്രവേശിച്ച് വലിയ നടപ്പന്തൽ വഴി വാ വർനടയിലെത്തി. ഓരോ റൂട്ടിലും ഇടത്തോട്ടും വലത്തോട്ടും കമാൻഡോ പരിശോധന നടത്തി രാത്രി നട അടയ്ക്കുംവരെ പരിശോധന തുടരും. സന്നിധാനത്ത് പ്രത്യേക ടീമിനെയും വിന്യസിച്ചിരുന്നു. സന്നിധാനം പോലീസ് സ്പെഷ്യൽ ഓഫീസർ ഡോ.എ.ശ്രീനിവാസിന്റെ നിർദ്ദേശപ്രകാരമാണ് സുരക്ഷ ശക്തമാക്കിയത്. എൻഎസ്ജിയുടെ പ്രത്യേക പരിശീലനം നേടിയ

കമാൻഡോ സംഘമാണ് സന്നിധാനത്തുള്ളത്. ഏത് സാഹചര്യവും ദ്രുതഗതിയിൽ നേരിടുന്നതിന് കമാൻഡോ സജ്ജമാണെന്ന് ഇൻസ്പെക്ടർ പറഞ്ഞു.

(പി.ആർ. ശബരി–131)

## ഒരു സവിശേഷ സൗഹൃദത്തിന്റെ പിന്തുടർച്ചക്കാരനായി വാവർ നടയിൽ അബ്ദുൽ റഷീദ് മുസ്ല്യാർ

ശബരിമല സന്നിധാനത്ത് നിന്ന് ഒരുമിച്ചേ മടങ്ങൂ എന്ന് പരസ്പരം ഉറപ്പിച്ച് സ്വാമി അയ്യപ്പന്റെ മുഖാമുഖം ഇരിക്കുന്ന അമീർ ഖാദി ബഹദൂർ വാവ വാവർ മുസ്ല്യാർ എന്ന വാവർ സ്വാമിയുടേതും അയ്യപ്പന്റെതും സവിശേഷമായ സൗഹൃദമായിരുന്നു. അതിന്റെ കുടുംബപരമായ, ആശയപരമായ പിന്തുടർച്ചക്കാരനാണ് അബ്ദുൽ റഷീദ് മുസ്ല്യാർ. വാവരുടെ എരുമേലിക്കടുത്ത് വായിപൂരിലെ വെട്ടിപ്ലാക്കൽ കുടുംബത്തിന്റെ ഇപ്പോഴത്തെ കാരണവർ. കഴിഞ്ഞ 12 വർഷമായി അദ്ദേഹം സന്നിധാനത്തെ വാവർ നടയിൽ കാരവണരായി സ്വാമി അയ്യപ്പന്മാർക്ക് വാവരുടെ പ്രസാദവും അനുഗ്രഹവും നൽകി ഇരിപ്പുണ്ട്. 60 വർഷമായി അദ്ദേഹം സ്ഥിരമായി ശബരിമലയിൽ എത്തുന്നു.

ജാതിക്കും മതത്തിനും അതീതമായി മനുഷ്യൻ ഒന്നാണെന്ന മഹത്തായ, പ്രസക്തമായ സന്ദേശമാണ് സ്വാമി അയ്യപ്പന്റെയും വാവർ സ്വാമിയുടെയും സൗഹൃദവും പവിത്രമായ പതിനെട്ടാം പടിക്ക് താഴെയുള്ള വാവര് നടയുമെന്ന് അദ്ദേഹം പറഞ്ഞു. ഭിഷഗ്വരനും മാന്ത്രികനുമായിരുന്ന വാവരുടെ പ്രസാദമായി കുരുമുളകും കൽക്കണ്ടവും ഏലയ്ക്കയും ജീരകവും ചുക്കും അരി വറുത്തുപൊടിച്ചതും ചേർത്ത ഔഷധമാണ് നൽകുന്നത്. പേടി മാറാനും മറ്റുമായി ജപിച്ച ഉറുക്കും നൽകുന്നു. അയ്യപ്പന്റെ പ്രസാദമായി ഭസ്മവും വാവർ നടയിൽ നൽകുന്നു. അയ്യപ്പൻമാർ കുരുമുളകും നവധാന്യങ്ങളും കൽക്കണ്ടവും കാണിക്കയായി വാവർ നടയിൽ അർപ്പിക്കുന്നു. ഇത് പ്രസാദം നൽകാനായി ഉപയോഗിക്കുന്നു. എന്നെ കാണാൻ വരുന്നവർ വാവരെ കണ്ടിട്ടേ മടങ്ങാവൂ എന്ന അയ്യപ്പന്റെ നിർദേശമാണ് ഭക്തർ പാലിക്കുന്നത്.

തിരുവിതാംകൂർ ദേവസ്വം ബോർഡുമായി സൗഹൃദപൂർണമായ ബന്ധമാണ് പുലർത്തുന്നതെന്ന് അബ്ദുൽ റഷീദ് മുസ്ല്യാർ പറഞ്ഞു. ബോർഡ് എല്ലാവിധ സഹായവും നൽകിവരുന്നു. എരുമേലിയിൽ വാവരുടെ പേരിലുള്ള പള്ളിയിൽ ദർശനം നടത്തുന്നത് സ്വാമി അയ്യപ്പൻമാർക്ക് ശബരിമല തീർഥാടനത്തിൽ ഒഴിച്ചുകൂടാനാവാത്തതാണ്.

(പി.ആർ. ശബരി–132)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER 06 | 2019 |
|---|---|



## ശബരിമല പത്രക്കുറിപ്പ്–3


ഫോൺ : 04735–202664

www.sabarimal.kerala..gov.in, prdsabarimala2020@gmail.com


---

### ശബരിമലയിൽ ഇതുവരെ വിറ്റത് 26.62 കോടിയുടെ അരവണ

ഈ തീർഥാടനകാലത്ത് ശബരിമലയിൽ ഇതുവരെ 26,62,06,040 രൂപയുടെ അരവണ വിറ്റു. 3,90,38,405 രൂപയുടെ അപ്പവും വിറ്റുപോയതായി ദേവസ്വം എക്സിക്യൂട്ടീവ് ഓഫീസർ വി.എസ്. രാജേന്ദ്രപ്രസാദ് പറഞ്ഞു. സന്നിധാനത്തെ അരവണ പ്ലാന്റിൽ ദിവസവും രണ്ട് ലക്ഷം ടിൻ അരവണ ഉൽപ്പാദിപ്പിക്കുന്നു. ഒരു ടിന്നിന് 80 രൂപയാണ് വില. 24 മണിക്കൂറും പ്രവർത്തിക്കുന്ന അരവണ പ്ലാന്റിൽ 250ലധികം പേർ ജോലി ചെയ്യുന്നു.

13. 5ലക്ഷം ടിൻ അരവണയും രണ്ട് ലക്ഷം പാക്കറ്റ് അപ്പം സ്റ്റോക്കുണ്ട്. രണ്ട് പ്ലാന്റുകളിലായി ദിവസം ഒരു ലക്ഷം പാക്കറ്റ് അപ്പം തയ്യാറാക്കുന്നു. ഒരു പാക്കറ്റ് അപ്പത്തിന്റെ വില 35 രൂപയാണ്. ധനലക്ഷ്മി ബാങ്കാണ് അപ്പത്തിന്റെയും അരവണയുടെയും വിൽപ്പന നടത്തുന്നത്. കഴിഞ്ഞവർഷ ത്തേക്കാൾ അരവണ–അപ്പം വിൽപ്പന ഗണ്യമായ വർധനവുണ്ടായതായി എ ക്സിക്യൂട്ടീവ് ഓഫീസർ പറഞ്ഞു.

(പി.ആർ. ശബരി–133)

## കാനനഭംഗി നുകർന്ന് പുല്ലുമേട് വഴി സന്നിധാനത്തേക്ക്

കാനനഭംഗി നുകർന്ന് പുല്ലുമേട് വഴി സന്നിധാനത്തേക്ക് ഈ തീർഥാടന കാലത്ത് ഇതുവരെ യാത്ര ചെയ്തത് 5337 പേർ. ഡിസംബർ അഞ്ച് വരെയുള്ള വനംവകുപ്പിന്റെ കണക്കാണിത്. വ്യാഴാഴ്ച ഒരു ദിവസം മാത്രം പുല്ലുമേട് വഴി വന്നത് 389 പേർ. പുല്ലുമേട് വഴി മടങ്ങുന്നവരുടെ എണ്ണം കുറവാണ്. ഡിസംബർ അഞ്ച് വരെയുള്ള വനംവകുപ്പിന്റെ കണക്കനുസരിച്ച് പുല്ലുമേട് വഴി മടങ്ങിയത് 307 പേർ മാത്രമാണ്.
വണ്ടിപ്പെരിയാറിൽനിന്ന് 14 കിലോ മീറ്റർ സഞ്ചരിച്ചാൽ സത്രം എന്ന സ്ഥലത്തെത്താം. സത്രത്തിലേക്ക് ജീപ്പ് സർവീസ് ഉണ്ട്. അവിടെനിന്നാണ് പുല്ലുമേട് വഴിയുള്ള കാൽനടയാത്രയുടെ തുടക്കം. സത്രത്തിൽനിന്ന് 12 മണിക്കൂറാണ് സന്നിധാനത്തേക്ക്. ആനയും മറ്റ് വന്യമൃഗങ്ങളും ഉള്ള കൊടുംകാട്ടിലൂടെയാണ് ഈ സാഹസിക യാത്ര. ഉച്ച രണ്ട് മണിക്ക് ശേഷം സത്രത്തിൽനിന്ന് തീർഥാടകരെ വിടില്ലെന്ന് വനംവകുപ്പ് അറിയിച്ചു. സത്രത്തിൽനിന്ന് സന്നിധാനത്തെത്താൻ അഞ്ചോ ആറോ മണിക്കൂർ എടുക്കും. രണ്ട് മണിക്ക് ശേഷം പുറപ്പെട്ടാൽ രാത്രിയിൽ കാട്ടിലൂടെ സഞ്ചരിക്കേണ്ടിവരും എന്നതിനാലാണിത്.

(പി.ആർ. ശബരി–134)

## പൊടിശല്യം: വലിയ നടപ്പന്തൽ ഫയർഫോഴ്സ് ശുചീകരിച്ചു

സന്നിധാനത്ത് തീർഥാടകർ വിരിവെക്കുന്ന വലിയ നടപ്പന്തൽ വെള്ളിയാഴ്ച ഉച്ചയ്ക്ക് ഫയർഫോഴ്സ് ശുചീകരിച്ചു. ഉച്ചപൂജ കഴിഞ്ഞ് നടയടച്ചതിന് ശേഷമായിരുന്നു വെള്ളം ചീറ്റിയുള്ള ശുചീകരണം. ഇതുമൂലം നടപ്പന്തലിലെ പൊടിശല്യം കുറഞ്ഞതിനാൽ വൃത്തിയുള്ള അന്തരീക്ഷത്തിൽ തീർഥാടകർക്ക് വിരിവെക്കാൻ കഴിയുന്നു. ആഴ്ചയിൽ ഒന്നോ രണ്ടോ തവണ ഫയർഫോഴ്സ് വലിയ നടപ്പന്തൽ ശുചീകരിക്കാറുണ്ട്. സന്നിധാനത്ത് സോപാനത്തും മാളികപ്പുറത്തും അതിന് സമീപം വിരിവെക്കുന്ന സ്ഥലങ്ങളിലും ഉച്ചയ്ക്ക് ഫയർഫോഴ്സ് പതിവായി ശുചീകരണം നടത്താറുണ്ട്.

(പി.ആർ. ശബരി–135)

## ശബരിമല നാളത്തെ (07.12.19 )ചടങ്ങുകൾ

പുലർച്ചെ 2.45 ന് പള്ളിയുണർത്തൽ
3 മണിക്ക് തിരുനട തുറക്കൽ
3.05 ന് നിർമ്മാല്യ ദർശനം

3.10 ന്  അഭിഷേകം
3.20 ന്  നെയ്യഭിഷേകം
3.30 ന്   ഗണപതിഹോമം
3.20 മുതൽ ഉച്ചക്ക് 11.15 വരെ നെയ്യഭിഷേകം
7.30 ന് ഉഷപൂജ
11.50 ന് കലശാഭിഷേകം
12 മണിക്ക് കളഭാഭിഷേകം
12.30ന് ഉച്ചപൂജ
തുടർന്ന് 1 മണിക്ക് നട അടയ്ക്കും.
4 മണി നട തുറക്കൽ
6.30ന് ദീപാരാധന
7 മണിക്ക് പുഷ്പാഭിഷേകം
9.30 ന് അത്താഴപൂജ
രാത്രി 10.50 ന് ഹരിവരാസനം പാടി  11 മണിക്ക്  നട അടയ്ക്കും


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.